## തുറന്ന വേദിയിൽ തൊഴിലാളികളുടെ അതി വിപുലമായ ദേശീയ കൺവെൻഷൻ

# ന്യൂഡൽഹി പാർലമെന്റ് വീഥിയിൽ 2019 സെപ്തംബർ 30 ന് നടന്ന കൺവെൻഷന്റെ പ്രഖ്യാപനം

മോഡിയുടെ നേതൃത്വത്തിലുള്ള ബിജെപി സർക്കാർ അതിന്റെ രണ്ടാമൂഴത്തിൽ 100 ദിവസം തികച്ചിരിക്കുന്നു. അവരുയർത്തിയ 'സബ് കാ സാഥ്, സബ് കാ വികാസ്' എന്ന മുദ്രാവാക്യത്തെ അശ്ലീലതലത്തിലെത്തിക്കുമാറ് രാജ്യവും ജനങ്ങളും സാമ്പത്തിക മാന്ദ്യവും തൊഴിൽ നഷ്ടവും ആകാശം മുട്ടുന്ന തൊഴിലില്ലായ്മയും വിപുലവും അഗാധവുമായ ദാരിദ്ര്യവൽക്കരണവും ശരാശരി സമ്പാദ്യനിരക്കിലെ വർധിച്ച ഇടിവും രാജ്യത്തെ ഉൽപാദന ആസ്തികളുടെ കടിഞ്ഞാണില്ലാത്ത സ്വകാര്യവൽക്കരണവും വിദേശവൽക്കരണവും ആഭ്യന്തര ഉൽപാദനസാധ്യതകൾ തകർക്കും വിധമുള്ള അവ്യവസായീകരണവും അതിന്റെയൊക്കെ ഭാഗമായി സമൂഹത്തിലാകെ അസാധാരണമാംവിധം അസമത്വവും അഭിമുഖീകരിക്കുകയാണ്. ഇപ്പോൾ വർധിച്ച ധാർഷ്ഠ്യത്തോടെ വിനാശകരമായ സാമ്പത്തിക നയങ്ങൾ സർക്കാർ അടിച്ചേല്പിക്കുകയാണ്. ജനകോടികളുടെ ജനാധിപത്യ അവകാശങ്ങളും ജീവിതമാർഗങ്ങളും നശിപ്പിച്ച് സ്ഥിതിഗതികൾ കൂടുതൽ വഷളാക്കുന്ന അവസ്ഥയിലേക്ക് കാര്യങ്ങൾ നീങ്ങുകയാണ്. വേജ് കോഡ് ബിൽ പാസാക്കിയതിലും ഒക്കുപേഷണൽ ഹെൽത്ത്, സുരക്ഷ, തൊഴിൽ വ്യവസ്ഥ ബിൽ അവതരിപ്പിച്ചതിലും, വിവരാവകാശ നിയമത്തിൽ ഏർപ്പെടുത്തിയ ഭേദഗതികളും, യുഎപിഎ നിയമ വ്യവസ്ഥകൾ കൂടുതൽ കർക്കശവും പ്രതികാരപൂർവവും ആക്കിയ ഭേദഗതികളും, ജമ്മു- കാശ്മീരിലെ ജനങ്ങളുമായി ആലോചിക്കാതെ ഭരണഘടനയുടെ 370-ാം വകുപ്പ് റദ്ദ് ചെയ്ത് അവരെ ശ്വാസം മുട്ടിക്കുന്നതും, ദേശീയ പൗരത്വ രജിസ്റ്ററിന്റെ മറവിൽ ലക്ഷക്കണക്കിന് ജനങ്ങളെ വീടും നാടും ഇല്ലാത്തവരാക്കിതീർക്കയുമാണ്. ഇപ്പോൾ ബിജെപി ഭരിക്കുന്ന സംസ്ഥാനങ്ങളിൽ ജനങ്ങളെ ജാതീയമായി വേർതിരിക്കുക എന്ന ലക്ഷ്യത്തോടെ ദേശീയ പൗരത്വ രജിസ്റ്ററിന് മുറവിളി കൂട്ടുകയാണ്. ജനങ്ങളുടെ ഐക്യം കാത്തു സൂക്ഷിക്കുന്നതിന് ഈ നീക്കത്തെ പ്രതിരോധിക്കേണ്ടതുണ്ട്.

കേന്ദ്ര ട്രേഡ് യൂണിയനുകളും സ്വതന്ത്രഫെഡറേഷനുകളും അസോസിയേഷനുകളും ഉയർത്തിയ 12 ഇന അവകാശ പത്രികയിലെ ഓരോ ഡിമാന്റുകളും കർഷക സംഘടനകളുടെ സംയുക്ത വേദിയുടെ പിൻതുണയോടെ ഉയർത്തിക്കാട്ടുകയും 2015 സെപ്തംബർ 2, 2016 സെപ്തംബർ 2 ദേശീയ പണിമുടക്ക്, 2017 നവംബർ 9-11 തീയതികളിലെ 3 ദിവസം പാർലമെന്റിനു മുന്നിൽ നീണ്ട 'മഹാപഠവ്', 2018 ജനുവരി 17 ന് സ്കീം വർക്കർമാരുടെ ദേശീയ പണിമുടക്ക്, 2018 ജനുവരി 23 നും ഫെബ്രുവരി 23 നും ഇടയിൽ മിക്ക സംസ്ഥാനങ്ങളിലും നടത്തിയ സത്യാഗ്രഹങ്ങൾ, 2019 ജനുവരി 8, 9 തീയതികളിലെ ദേശവ്യാപക പണിമുടക്ക്, തെരഞ്ഞെടുപ്പിനു തൊട്ടു മുമ്പ് മാർച്ച് മാസം 5 ന് സംയുക്ത കൺവെൻഷൻ അംഗീകരിച്ച തൊഴിലാളികളുടെ അവകാശ പത്രിക തുടങ്ങിയവയെല്ലാം ബിജെപി സർക്കാർ അവഗണിക്കയാണ് ചെയ്തത്. ജൂലൈ 5 ന് അവതരിപ്പിച്ച ബഡ്ജറ്റാകട്ടെ, തികച്ചും കോർപറേറ്റ് ആനുകൂല്യവും ജനവിരുദ്ധവുമായിരുന്നു. തൊഴിലാളികളുടെ മേലുള്ള ചൂഷണം അതി തീവ്രമാക്കുക എന്ന ലക്ഷ്യത്തോടെ ഇനി അവശേഷിക്കുന്ന രണ്ടു കോഡുകൾ- സാമൂഹ്യ സുരക്ഷയും വ്യവസായ ബന്ധവും സംബന്ധിച്ചത് - കൂടി അവതരിപ്പിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുമുണ്ട്.

കേന്ദ്ര സർക്കാർ തൊഴിലാളികളുയർത്തിയ ന്യായമായ ആവശ്യങ്ങളോട് പ്രതികരിച്ചില്ല എന്നു മാത്രമല്ല കോർപറേറ്റ് യജമാനന്മാരുടെ താൽപര്യ സംരക്ഷണാർത്ഥം തൊഴിലാളികളുടെ അവകാശങ്ങൾക്കു നേരെ തീവ്രമായ ആക്രമണം അഴിച്ചുവിട്ടിരിക്കയാണ്. ഉഭയകക്ഷി, ത്രികക്ഷി സംവിധാനങ്ങൾ അവർ ഉപേക്ഷിച്ചിരിക്കുന്നു. തൊഴിലുടമകളുടെ താൽപര്യ പ്രകാരം തൊഴിൽ നിയമ

ങ്ങളാകെ മാറ്റി മറിക്കാൻ നോക്കുന്നു. ബിജെപി സർക്കാർ രാജ്യത്തെ ഏറ്റവും വലിയ ട്രേഡ് യൂണിയൻ സംഘടനയായ ഐഎൻടിയുസിയെ ആ സംഘടന പ്രതിനിധാനം ചെയ്തിരുന്ന എല്ലാ വേദികളിൽ നിന്നും ഒഴിച്ചു നിർത്തുന്ന നിലപാട് തുടരുകയാണ്. 2015 ജൂലൈ മാസത്തിനു ശേഷം ഇന്ത്യൻ ലേബർ കോൺഫറൻസിന്റെ ഒറ്റ യോഗവും വിളിച്ചു കൂട്ടിയിട്ടില്ല. ബഡ്ജറ്റിനു മുമ്പുള്ള കൂടിയാലോചന എന്നത് കേവലം പ്രഹസനമാക്കി മാറ്റിയിരിക്കുന്നു.

ഭീതിജനകമാം വിധം ഉയരുന്ന തൊഴിലില്ലായ്മയും എല്ലാ മേഖലകളിലെയും തൊഴിൽ നഷ്ടവും ജിഡിപി നിരക്കിലെ ഇടിവും ധനികർക്കും ദരിദ്രർക്കും ഇടയിൽ വർധിച്ചുകൊണ്ടേയിരിക്കുന്ന അസമത്വവുമെല്ലാം ദേശീയ സമ്പദ്ഘടന ചെന്നുപെട്ടിരിക്കുന്ന മാന്ദ്യത്തിന്റെ സൂചനകളാണ്. അവയൊക്കെ കണക്കുകളിൽ തിരിമറി നടത്തി ഒളിപ്പിക്കുന്ന രീതിയാണ് അവലംബിച്ചിട്ടുള്ളത്. ഓട്ടോ മൊബൈൽ മേഖലയിലും അനുബന്ധ രംഗങ്ങളിലും തുടരുന്ന അടച്ചുപൂട്ടലും ഐടി മേഖലയിൽ തൊഴിൽ കുറയുമെന്ന പ്രവചനങ്ങളും എരിതീയിൽ എണ്ണയൊഴിക്കുന്ന അവസ്ഥ സൃഷ്ടിച്ചിരിക്കുന്നു. പൊതു ഗതാഗതം, വൈദ്യുതി, മരുന്നുകൾ തുടങ്ങിയ അവശ്യ വസ്തുക്കളുടെ വിലക്കയറ്റം ഗ്രാമങ്ങളിലും നഗരപ്രദേശങ്ങളിലും ജനജീവിതം പൊതുവിൽ ദുരിതപൂർവമാക്കിയിരിക്കുന്നു. ദാരിദ്ര്യവൽക്കരണത്തിന്റെ ആഴം വർധിപ്പിച്ചിരിക്കുന്നു. സാമൂഹ്യ മേഖലയിലും വിവിധ ക്ഷേമ പദ്ധതികളിലും സർക്കാർ ചിലവിൽ വരുത്തിയ വൻതോതിലുള്ള വെട്ടിക്കുറക്കൽ തൊഴിലാളികളുടെ പ്രത്യേകിച്ചും അസംഘടിത തൊഴിലാളികളുടെ സ്ഥിതി അതിദയനീയമാക്കിയിരിക്കുന്നു.

കോൺട്രാക്ട് തൊഴിലാളികൾക്കും തുല്യ ജോലിക്ക് തുല്യ വേതനവും മറ്റ് ആനുകൂല്യങ്ങളും നൽകൽ, അംഗൻവാടി, ഉച്ചഭക്ഷണ, ആഷാ തൊഴിലാളികൾക്ക് മിനിമം വേജ്, തൊഴിലാളികളായി അവരെ അംഗീകരിക്കൽ തുടങ്ങിയവ സംബന്ധിച്ച് സർക്കാർ കൂടി പാർട്ടിയായ തുടർച്ചയായി നടന്ന ഇന്ത്യൻ ലേബർ കോൺഫറൻസുകളിൽ എത്തിച്ചേർന്ന ധാരണകൾ പോലും നടപ്പിലാക്കാൻ തയാറാകാത്തതിലൂടെ ഈ സർക്കാരിന്റെ തൊഴിലാളി വിരുദ്ധ സർവാധിപത്യ സ്വഭാവം വെളിപ്പെട്ടിരിക്കുന്നു. ദേശീയ മിനിമം വേതനം സംബന്ധിച്ച് സർക്കാർ തന്നെ നിയമിച്ച കമ്മിറ്റിയുടെ നിർദേശം മോഡി സർക്കാരിന്റെ തൊഴിൽ മന്ത്രി തന്നെ (15-ാം ഇന്ത്യൻ ലേബർ കോൺഫറൻസിന്റെ നിർദേശത്തിനും കടക വിരുദ്ധമായി) പ്രതിമാസ വേതനം നാണംകെടുത്തും വിധം കേവലം 4628 രൂപയായി പ്രഖ്യാപിച്ചിരിക്കുന്നു. NEEM എന്ന പദ്ധതിയിലൂടെ ക്രമേണ തൊഴിലാളികളെ ഒഴിവാക്കി അപ്രന്റീസുകളെ വച്ചും ഫിക്സഡ് ടേം എംപ്ലോയ്മെന്റ് പദ്ധതി പോലുള്ളവ കൊണ്ടു വന്നും തൊഴിൽ ബന്ധങ്ങളാകെ മാറ്റി മറിച്ച് അടിമത്തത്തിലേക്കെത്തിക്കാനും ബാലവേലക്കെതിരെയുള്ള നിയമം ഭേദഗതി ചെയ്ത് ബാലവേല നടപ്പിലാക്കാനും മുതലുടമകൾക്കനുകൂലമായി ഇപിഎഫ് ആന്റ് എംപി നിയമഭേദഗതിയിലൂടെ ഇഎസ്ഐ വിഹിതത്തിൽ അവരടക്കേണ്ട തുക കുറച്ചുകൊടുത്തും എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ഓർഗനൈസേഷനും (EPFO) ഇഎസ്ഐ കോർപറേഷനും കോർപറേറ്റ്‌വൽക്കരിക്കാനും നീക്കം നടത്തുന്നു. ഈ സൗജന്യങ്ങളെല്ലാം ബിസിനസ് എളുപ്പമാക്കുന്നതിന്റെ മറവിൽ തൊഴിലാളികളുടെ ചിലവിൽ മുതലുടമകളെ സഹായിക്കാനാണ്. ഈയിടെ സുപ്രീം കോടതി പുറപ്പെടുവിച്ച 'തുല്യജോലിക്ക് തുല്യ വേതനവും ഇതര ആനുകൂല്യങ്ങളും' നൽകണമെന്ന വിധിയും പെൻഷൻ കണക്കാക്കുന്നതിന് യഥാർത്ഥ ശമ്പളവും ക്ഷാമബത്തയും ഉൾപ്പെടുത്തണമെന്ന എംപ്ലോയീസ് പ്രോവിഡന്റ് സ്കീം 1995 ലെ വിധിയും നടപ്പാക്കണമെന്ന ആവശ്യം സർക്കാർ നിർദയം തള്ളിക്കളഞ്ഞിരിക്കുന്നു. അതേ സമയം മെറ്റേണിറ്റി ബെനഫിറ്റ് ആക്ടും ഇപിഎഫ് ആക്ടും സംബന്ധിച്ച വ്യവസ്ഥകളിൽ വീഴ്ച വരുത്തുന്ന മുതലുടമകൾക്ക് പ്രോത്സാഹനം നൽകാൻ നികുതിദായകന്റെ പണം ദുരുപയോഗം ചെയ്യാൻ ഈ സർക്കാരിന് ഒരു മടിയുമില്ല.

1926 ലെ ട്രേഡ് യൂണിയൻ നിയമം ഭേദഗതി ചെയ്യാനുള്ള നീക്കത്തിലൂടെ മറ്റൊരു ആക്രമണത്തിനും തുടക്കം കുറിച്ചിരിക്കുന്നു. കേന്ദ്ര ട്രേഡ് യൂണിയൻ സംഘടനകളുടെ അംഗീകാരം സംബന്ധിച്ച നിർവചനം മാറ്റി അത് എക്സിക്യൂട്ടീവിന്റെ വിവേചന അധികാരത്തിൽപെടുത്താനാണ് നീക്കം. ട്രേഡ് യൂണിയൻ സംഘടനകളുടെ ആഭ്യന്തര പ്രവർത്തനങ്ങളിൽ സർക്കാർ ഇടപെടാനുള്ള കുൽസിത നീക്കമാണ് ഇതിനു പിന്നിലുള്ളത്.

സർക്കാരിന്റെയും പൊതുമേഖലയിലെയും തന്ത്രപ്രധാനമായ സ്ഥാപനങ്ങളടക്കം വിവിധ മാർഗങ്ങളിലൂടെ സ്വകാര്യവൽക്കരിക്കാനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. പ്രതിരോധ ഉൽപാദനം, പൊതുമേഖലാ ബാങ്ക്, ഇൻഷുറൻസ് സ്ഥാപനങ്ങൾ, റെയിൽവെ, പബ്ലിക് ട്രാൻസ്പോർട്, തുറമുഖം, കൽക്കരി, സ്റ്റീൽ, പെട്രോളിയം തുടങ്ങിയവ ഓഹരി കൈമാറ്റം, തന്ത്രപരമായ വിൽപന, സ്വകാര്യമേഖലക്ക് പുറം കരാർ നൽകൽ, എന്നിവയിലൂടെയും 100 ശതമാനം വിദേശ നിക്ഷേപം, പ്രതിരോധ രംഗം, റെയിൽവേ, കൽക്കരി, തുടങ്ങി അനേകം പ്രധാന മേഖലകളിൽ കൊണ്ടുവരാനും നീക്കങ്ങൾ ദിവസേനയെന്നോണം നടത്തിവരികയാണ്. എയർ ഇന്ത്യ, ബിഎസ്എൻഎൽ, എംടിഎൻഎൽ എന്നിവക്ക് മത്സര രംഗത്ത് തുല്യ അവസരം നൽകാതെ ബോധപൂർവം അവയെ ക്ഷീണിപ്പിച്ച് അത് അവിടെ സൃഷ്ടിക്കുന്ന മാനുഷിക വിഷമതകൾക്ക് മുന്നിൽ പോലും സർക്കാർ പുറം തിരിഞ്ഞു നിൽക്കയാണ് (മാസങ്ങളായി അവിടെ തൊഴിലാളികൾക്ക് കൂലി കിട്ടുന്നില്ല) കോർപറേറ്റുകൾക്ക് നികുതിയിളവുകൾ നൽകിയിതിലൂടെ ബജറ്റിൽ വന്ന കമ്മി പിടിച്ചു നിർത്താൻ റിസർവ് ബാങ്കിന്റെ കരുതൽ ശേഖരം കൊള്ളയടിച്ചത് സമ്പദ്ഘടനയെ കൂടുതൽ അസ്ഥിരമാക്കും. പ്രതിരോധ മേഖലയുടെ സ്വകാര്യവൽക്കരണത്തോടെ സംഭവിക്കാൻ പോകുന്നത് ഈ രംഗത്തെ ആഭ്യന്തര ഗവേഷണത്തിന്റെയും ഉൽപാദന ക്ഷമതയുടെയും നാശമാണ്. അത് ദേശീയ താൽപര്യങ്ങൾ അടിയറവെക്കലാണ്. നമ്മുടെ പ്രതിരോധ ഉൽപ്പന്ന ഫാക്ടറികളിൽ നിർമ്മിക്കുന്ന ആയുധങ്ങളുടെയും മറ്റു സങ്കീർണ ഉപകരണങ്ങളുടെയും 50 ശതമാനം പുറംകരാർ നൽകുന്നതിലൂടെ അവ കോർപറേറ്റ്‌വൽക്കരിക്കപ്പെടുകയും അന്തിമമായി പൂർണ സ്വകാര്യവൽക്കരണത്തിലേക്കെത്തികയും ചെയ്യും. റെയിൽവെ പടിപടിയായി സമ്പൂർണ സ്വകാര്യവൽക്കരണത്തിലേക്ക് നിങ്ങുകയാണ്. റെയിൽവെ നിർമിച്ച ഇവിടെയുള്ള ട്രാക്കുകളിലൂടെ സ്വകാര്യ ട്രെയിനുകൾ ഓടിക്കാനും റെയിൽവെ യാർഡുകൾ, വർക്ക്ഷോപ്പുകൾ, ഷെഡുകൾ തുടങ്ങിയവയൊക്കെ സ്വകാര്യ സംരംഭകർക്ക് തുറന്നുകൊടുക്കുകയുമാണ്. റെയിൽവെയുടെ അച്ചടിശാലകൾ അടച്ചുപൂട്ടുന്നു. സ്വകാര്യവൽക്കരണത്തിലേക്കെത്തിക്കാൻ വിധം റെയിൽവെയുടെ ഉൽപാദന യൂണിറ്റുകൾ കോർപറേറ്റുവൽക്കരിക്കുന്നു. റെയിൽവെ തൊഴിലാളികൾ ഇതിന്റെയൊക്കെ ഇരകളാകുന്നതിനൊപ്പം സാധാരണ ജനങ്ങളും ഇതിന്റെ ദുരിതം പേറേണ്ടിവരും. സബ്സിഡികൾ അവസാനിക്കുന്നതോടെ റെയിൽ യാത്രാ നിരക്കും കടത്തു കൂലിയും വർധിക്കും. എല്ലാ അവശ്യവസ്തുക്കളുടെയും വില വർധനവും അനിവാര്യമായി തീരും.

മുമ്പ് നടത്തിയ ബാങ്കുകളുടെ കൂട്ടിച്ചേർക്കൽ, സേവനം, തൊഴിൽ എന്നിവയിൽ സൃഷ്ടിച്ച പ്രതികൂലതകൾ നിലനിൽക്കെ വീണ്ടും പത്തു പൊതുമേഖലാ ബാങ്കുകൾ കൂട്ടിചേർക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിരിക്കുകയാണ്. അതിനു പറയുന്ന കാരണങ്ങളെല്ലാം കളവും അവിശ്വസനീയവുമാണ്. നിക്ഷേപത്തിന്റെ പലിശ നിരക്കു കുറയ്ക്കുന്നത് സാധാരണക്കാരെ ബുദ്ധിമുട്ടിലാക്കും. പ്രത്യേകിച്ചും അർത്ഥപൂർണമായ പെൻഷൻ ലഭ്യമല്ലാത്ത പലിശയെ ആശ്രയിക്കേണ്ടി വരുന്ന മുതിർന്ന പൗരന്മാർക്ക് ഏറെ പ്രയാസം സൃഷ്ടിക്കും. സർക്കാർ കൊണ്ടുവന്ന 2016 ലെ ഇൻസോൾവൻസി ആന്റ് ബാങ്ക് റപ്റ്റസി കോഡ് (ഐബിസി) പണം തിരിച്ചടക്കാതെ ബാങ്ക് പണം കൊള്ളയടിക്കുന്ന കോർപറേറ്റുകളുടെ നടപടിക്ക് നീതികരണം നൽകുകയും പൊളിഞ്ഞ

കമ്പനികളിലെ തൊഴിലാളികൾക്ക് ലഭിക്കേണ്ട തുകകളുടെ കാര്യം അവഗണിക്കുകയും ചെയ്യുന്നു. ഇതിനെല്ലാമുപരിയായി സർക്കാർ വിവിധ രാജ്യങ്ങളുമായും RCEP പോലെ രാജ്യങ്ങളുടെ ഗ്രൂപ്പുകളുമായും സ്വതന്ത്ര വ്യാപാരക്കരാറുകളിലേർപ്പെടുന്നു. ഈ നടപടി രാജ്യത്തിന്റെ സാമ്പത്തിക പരമാധികാരത്തിന് വിനാശം സൃഷ്ടിക്കുന്നതാണ്.

രാജ്യത്തെ മൊത്തം ആഭ്യന്തര ഉൽപാദനം (ജിഡിപി) വർധിപ്പിക്കുന്നതിൽ വലിയ പങ്ക് വഹിക്കുന്ന അസംഘടിത മേഖല തൊഴിലാളികൾ ഈ സാമ്പത്തിക മാന്ദ്യത്തിന്റെ കെടുതി ഏറ്റവും കൂടുതൽ അനുഭവിക്കുന്നവരാണ്. വിവിധ മേഖലകളിൽ തൊഴിലുകൾ ഇല്ലാതാകുമ്പോൾ ഈ വിഭാഗത്തിൽ തൊഴിൽ നഷ്ടപ്പെടുന്നവരുടെ എണ്ണം വർധിക്കും. നിർമാണ തൊഴിലാളികൾ, ബീഡി തൊഴിലാളികൾ, തെരുവു കച്ചവടക്കാർ, ഗാർഹിക തൊഴിലാളികൾ, കയറ്റിറക്ക് തൊഴിലാളികൾ തുടങ്ങിയവർക്കെല്ലാം പ്രത്യേക നിയമങ്ങളും ക്ഷേമ ബോർഡുകളുമുണ്ടായിരുന്നു. അവയൊക്കെ പ്രവർത്തന ക്ഷേമമമാക്കുന്നതിനു പകരം സാമൂഹ്യ സുരക്ഷാ കോഡ് കൊണ്ടുവരുന്നതിന്റെ മറവിൽ എല്ലാം നിർത്തലാക്കുകയാണ്. 2039 ൽ PMSYPY പ്രകാരം പ്രതിമാസം 3000 രൂപ പെൻഷൻ തരാമെന്ന വാഗ്ദാനം സർക്കാർ അവരോട് കാട്ടുന്ന പരിഹാസ്യമായ ക്രൂര വിനോദമാണ്. സ്കീം തൊഴിലാളികൾക്കു മേൽ വരെ നിർബന്ധ പദ്ധതിയല്ല എന്നു പറഞ്ഞുകൊണ്ടു തന്നെ ഈ പദ്ധതി അടിച്ചേൽപ്പിക്കയാണ്. NPS ഉപേക്ഷിച്ച് പഴയ പെൻഷൻ പദ്ധതി പുനഃസ്ഥാപിക്കണമെന്ന് സർക്കാർ ജീവനക്കാർ ആവശ്യമുന്നയിച്ചിരിക്കുന്നു. ഗാർഹിക തൊഴിലിൽ ഏർപ്പെടുന്നവർ, ചപ്പു ചവറുകൾ ശേഖരിക്കുന്നവർ, ഉപ്പളങ്ങളിലെ തൊഴിലാളികൾ തുടങ്ങിയവർക്കൊന്നും ഒരു തരത്തിലുള്ള സംരക്ഷണവും ലഭ്യമല്ല. തൊഴിലാളികൾ ഇതൊക്കെ പഞ്ചപുച്ഛമടച്ച് സ്വീകരിക്കില്ല എന്നാണ് എല്ലായിടത്തും ഉയർന്നു വരുന്ന പ്രക്ഷോഭങ്ങൾ കാണിക്കുന്നത്. രാജ്യത്തെ 41 ഓർഡിനൻസ് ഫാക്ടറികളിലെ തൊഴിലാളികൾ ആഗസ്റ്റ് 20 മുതൽ ഒരു മാസത്തെ പണിമുടക്കാണ് പ്രഖ്യാപിച്ചത്. കമ്പനികൾ കോർപറേറ്റ്വൽക്കരിക്കുന്നതിനെതിരെ ആരംഭിച്ച ഈ ചരിത്ര സമരം 5 ദിവസം പിന്നിട്ടപ്പോൾ തൽക്കാലം മുന്നോട്ടു വച്ച ചുവട് സർക്കാരിന് പിന്നോട്ടു വയ്ക്കേണ്ടി വന്നു. റെയിൽവെയുടെ ഏഴ് ഉൽപാദന യൂണിറ്റുകൾ കോർപറേറ്റ്വൽക്കരിക്കാൻ സ്വീകരിച്ച പദ്ധതിക്കെതിരെ അവിടത്തെ തൊഴിലാളികളും അവരുടെ അവരുടെ കുടുംബാംഗങ്ങളും ചേർന്ന് പ്രതിഷേധ പരിപാടികളുമായി രംഗത്തുവന്നു. ബാങ്ക് മെർജറിനെതിരെ അവിടത്തെ ഓഫീസർമാരും ജീവനക്കാരും പ്രതിഷേധ പരിപാടികൾ ദേശവ്യാപകമായി സംഘടിപ്പിച്ചു. ബാങ്കിംഗ് മേഖലയിൽ പണിമുടക്കിന് അവർ ഒരുക്കം കൂട്ടുകയാണ്. കൽക്കരി മേഖലയിൽ 100 ശതമാനം വിദേശ നിക്ഷേപം അനുവദിക്കുന്നതിനെതിരെ 2019 സെപ്തംബർ 24 ന് കൽക്കരി തൊഴിലാളികൾ ശക്തമായ പണിമുടക്ക് സംഘടിപ്പിച്ചു. ഊർജം. പെട്രോളിയം, ടെലകോം, മെറ്റൽ, സ്റ്റീൽ, ഖനനം, മെഷീൻ നിർമാണം, റോഡ്, വ്യോമയാനം, ജലഗതാഗതം, തുറമുഖം തുടങ്ങി സർക്കാർ സ്വകാര്യവൽക്കരണം കൊണ്ടുവരാനുദ്ദേശിക്കുന്ന പ്രധാനവും തന്ത്രപ്രാധാന്യമുള്ളതുമായ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിലെല്ലാം വിവിധ രൂപത്തിലുള്ള പ്രക്ഷോഭങ്ങൾ നടന്നുവരികയാണ്. ഈ പ്രക്ഷോഭങ്ങൾക്ക് പരിപൂർണ പിന്തുണ ഈ കൺവെൻഷൻ പ്രഖ്യാപിക്കുന്നു.

കോർപറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി (CSR) പ്രകാരം ചിലവഴിക്കേണ്ട തുകയിൽ സ്വകാര്യകോർപറേറ്റുകൾ കുറവു വരുത്തിയാൽ അത് ക്രിമിനൽ കുറ്റമാക്കിയും വിദേശ നിക്ഷേപകരുടെ ഊഹക്കച്ചവടലാഭത്തിന് സർചാർജ് ഏർപ്പെടുത്തിയും നടത്തിയ പ്രഖ്യാപനങ്ങൾ ഇന്ത്യനും വിദേശിയുമായ കോർപറേറ്റ് മുതലാളിമാരുടെ ഭീഷണിക്കും സമ്മർദ്ദത്തിനും വഴങ്ങി കീഴടങ്ങിയ മോഡി സർക്കാരിന്റെ നട്ടെല്ലില്ലാത്ത നടപടിയെ അത്ഭുതപൂർവം ഈ കൺവെൻഷൻ വീക്ഷിക്കുകയാണ്. തന്റെ ആഗസ്റ്റ് 15 ന്റെ പ്രസംഗത്തിൽ ശ്രീ. മോഡിക്ക് ഇവർ

'സമ്പത്ത് ഇൽപാദിപ്പിക്കുന്നവരാണെന്നും' അവരെ സംശയദൃഷ്ട്യാ വീക്ഷിച്ചുകൂടെന്നും പറഞ്ഞ് സാന്ത്വനിപ്പിക്കേണ്ടി വന്നു. ബജറ്റിൽ 99.3 ശതമാനം കോർപറേറ്റുകൾക്കും ആദായ നികുതിയിൽ 5 ശതമാനം ഇളവിലൂടെ വൻതുകയുടെ സൗജന്യം നൽകിയ ശേഷമാണിതു ചെയ്തത് ഇപ്പോൾ സാമ്പത്തിക മാന്ദ്യം നേരിടുന്നതിന്റെ പേരിൽ ധനമന്ത്രി കോർപറേറ്റ് നികുതി 30 ശതമാനത്തിൽ നിന്നും 22 ശതമാനമാക്കി കുറച്ചു കൊടുത്തു. എന്നാൽ തൊഴിലാളികളും ജീവനക്കാരും നൽകേണ്ട ആദായ നികുതി 30 ശതമാനം തന്നെയാണ്. 1.4 ലക്ഷം കോടി രൂപ വരുന്ന ഉത്തേജ പാക്കേജാണ് സമ്മാനമായി കോർപറേറ്റുകൾക്ക് നൽകിയിരിക്കുന്നത്. അതുമൂലം തൊഴിലെടുക്കുന്നവരുടെ വാങ്ങൽ ശേഷി വർധിക്കുന്നില്ല; അത് തൊഴിൽ സൃഷ്ടിക്കുന്നില്ല. തൊഴിൽ സ്ഥിരത ഉറപ്പു വരുത്തുന്നില്ല. കൂടുതൽ പേർ തൊഴിലിൽ നിന്നും ദിവസേന പുറത്താകുമ്പോൾ മാന്ദ്യം കൂടുതൽ രൂക്ഷമാകും.

മോട്ടോർ വാഹന നികുതി നിയമം നടപ്പിൽ വന്നതോടെ അതിലെ ക്രൂരമായ വ്യവസ്ഥകൾക്കെതിരെ ജനങ്ങളിൽ നിന്നുയർന്നു വന്ന രോഷം ബിജെപി സർക്കാർ അഭിമുഖീകരിക്കുകയാണ്. കഴിഞ്ഞ അഞ്ചു വർഷമായി ബിജെപി സർക്കാരിന്റെ ഇത്തരം നടപടിക്കെതിരെ ട്രാൻസ്പോർട് ജീവനക്കാരുടെ ഫെഡറേഷനുകൾ തുടർച്ചയായി മുന്നറിയിപ്പു നൽകയും പ്രതിഷേധ പരിപാടികൾ നടത്തി വരികയുമായിരുന്നു.

തെരഞ്ഞെടുപ്പിലെ വൻ വിജയത്തിന്റെ ആഘോഷം മങ്ങവെ ഭരണഘടനയിലെ ആർട്ടിക്കൾ 370 ഉം 35 എയും എടുത്തുകളഞ്ഞതിന്റെ പേരിൽ ഉയർത്തിക്കൊണ്ടു വന്ന അതിതീഷ്ണ ദേശീയ വികാരം കെട്ടടങ്ങവെ, ദേശീയ പൗരത്വ രജിസ്റ്റർ (NRC) ഒരു കോമാളികളിയാകവെ, കടുത്ത ജീവിത യാഥാർത്ഥ്യങ്ങളിലേക്ക് ജനങ്ങൾ ഉയർത്തെണീക്കയാണ്. പൂർണമായും തൊഴിലുടമകൾക്കു വേണ്ടിയുള്ള തൊഴിലാളി വിരുദ്ധ, ജനവിരുദ്ധ, തികച്ചും നാശോന്മുഖമായ ബിജെപി സർക്കാരിന്റെ ദേശവിരുദ്ധ നയങ്ങളും തകരുന്ന സമ്പദ്ഘടനയുടെ സ്ഥിതിയും അവർ തിരിച്ചറിയുകയാണ്. തൊഴിലിന്റെയും ഭക്ഷണത്തിന്റെയും കാര്യത്തിൽ തുടരുന്ന അവസാനമില്ലാത്ത പ്രതിസന്ധി വാചകമടിയിലൂടെ ഒരിക്കലും ഒളിപ്പിക്കാനാവില്ല.

സർക്കാരിന്റെ ഈ ദേശവിരുദ്ധ നയങ്ങൾ തിരുത്തിക്കുറിക്കാനുള്ള നീക്കം മേഖലാ തല പ്രക്ഷോഭങ്ങളിലൂടെ കൂട്ടിയിണക്കി എല്ലാ അഫിലിയേഷനുകൾക്കും ഉപരിയായി രാജ്യവ്യാപകമായ അതിശക്തമായ പ്രസ്ഥാനമാക്കി മാറ്റാൻ ഈ ദേശീയ കൺവെൻഷൻ എല്ലാ തൊഴിലാളികളോടും ആഹ്വാനം ചെയ്യുന്നു. ഞങ്ങളാണ് സമ്പത്ത് സൃഷ്ടിക്കുന്നവർ (We are the wealth creators) എന്ന വ്യക്തമായ സന്ദേശം അധികാര കേന്ദ്രങ്ങളിൽ നമുക്കെത്തിക്കാം. നാം സൃഷ്ടിക്കുന്ന സമ്പത്ത് സർക്കാരിനൊപ്പം ചേർന്ന് കോർപറേറ്റുകൾ കൊള്ളയടിക്കയാണ്. അത് ഫലപ്രദമായ ചോദനത്തെ അടിച്ചമർത്തുന്നു. അത് നയിക്കുന്നത് സാമ്പത്തിക മാന്ദ്യത്തിലേക്കാണ്. നാം സൃഷ്ടിക്കുന്ന സമ്പത്തിന്റെ ന്യായയുക്തമായ പുനർവിതരണമാണ് നാം ആവശ്യപ്പെടുന്നത്. 21000 രൂപ മിനിമം വേതനം വേണമെന്ന് നാം ആവശ്യപ്പെടുന്നു. (ഇപ്പോഴത്തെ ജീവിത വില സൂചിക പ്രകാരം) സർക്കാർ ഫണ്ടിംഗിലൂടെ 10000 രൂപ മിനിമം പെൻഷൻ ഉറപ്പാക്കണമെന്നാവശ്യപ്പെടുന്നു. എല്ലാ ഗ്രാമ നഗര വീടുകളെയും ഉൾപ്പെടുത്തി തൊഴിലുറപ്പു നിയമം വ്യാപകമാക്കണം. തൊഴിലുറപ്പു പദ്ധതി പ്രകാരം തൊഴിൽ ദിനങ്ങൾ വർധിപ്പിക്കാൻ ബജറ്റിൽ വക ചേർക്കണം. ഗ്രാമീണ തകർച്ച പരിഹരിക്കാൻ പൊതു നിക്ഷേപം വർധിപ്പിക്കണം. സ്വാമിനാഥൻ കമ്മീഷൻ നിർദേശപ്രകാരം കാർഷിക ഉൽപന്നങ്ങൾക്ക് പ്രതിഫലദായകമായ വില നിശ്ചയിക്കയും സംഭരണ സൗകര്യം ഏർപ്പെടുത്തുകയും വേണം. കർഷകരുടെ വായ്പാ ബാധ്യത എഴുതിത്തള്ളണം. മാന്യമായ തൊഴിലും തൊഴിൽ സ്ഥിരതയും ഉറപ്പാക്കണം. ഐഎൻസി ഏകകണ്ഠ

മായി നിർദേശിച്ചതു പ്രകാരം എല്ലാ സ്കീം തൊഴിലാളികളെയും തൊഴിലാളികളായി അംഗീകരിക്കണം. കോൺട്രാക്ട് തൊഴിലാളികളെ സ്ഥിരപ്പെടുത്തുകയും കോൺട്രാക്ട് സിസ്റ്റം അവസാനിപ്പിക്കയും വേണം. തുല്യ ജോലിക്ക് തുല്യ വേതനവും ഇതര ആനുകൂല്യങ്ങളും നൽകണം. സുസ്ഥിര വികസന ലക്ഷ്യങ്ങൾ നടപ്പിലാക്കണം.

ജനങ്ങൾ നേരിടുന്ന സുപ്രധാന പ്രശ്നങ്ങളായ തൊഴിലില്ലായ്മ, കുതിച്ചുയരുന്ന വിലക്കയറ്റം തുടങ്ങിയവയിൽ നിന്ന് ജനശ്രദ്ധയകറ്റാൻ അതിന് സർക്കാരിന് അവസരമേകാനായി സമൂഹത്തിൽ ഇല്ലാത്ത പ്രശ്നങ്ങളുണ്ടാക്കി സംഘർഷങ്ങൾ സൃഷ്ടിക്കാൻ വർഗീയ ശക്തികൾ നടത്തുന്ന പ്രവർത്തനങ്ങളെ തൊഴിലാളികളുടെ ഈ ദേശീയ കൺവെൻഷൻ ശക്തിയായി അപലപിക്കുന്നു. 12 ഇന അവകാശ പത്രിക നേടിയെടുക്കാനുള്ള ഇന്നു നടക്കുന്ന പ്രക്ഷോഭങ്ങൾക്ക് അനിവാര്യമായ തൊഴിലാളികളുടെ വിപുലമായ ഐക്യത്തിന് തടസം സൃഷ്ടിക്കാൻ അവർ ശ്രമിക്കുകയാണ്. നമ്മുടെ സമൂഹത്തിൽ സാമൂഹ്യബന്ധങ്ങളെയാകെ കൂട്ടിയിണക്കുന്ന കണ്ണികൾ ഭയവും ഭീഷണിയും സൃഷ്ടിച്ച് വിഘടിപ്പിക്കാനും ഇന്ത്യൻ ഭരണഘടനയുടെ അടിസ്ഥാന ചട്ടക്കൂടും മൂല്യങ്ങളും അപകടപ്പെടുത്താനും ശ്രമിക്കുന്ന ശക്തികൾക്കെതിരെ തൊഴിലാളി വർഗത്തിൽ നിന്നുള്ള പ്രതിഷേധ ശബ്ദം ഏറ്റവും ഉച്ചത്തിൽ ഉയരേണ്ട സന്ദർഭമാണിത്.

വിവിധ മേഖകളിൽ ഉയർന്നു വരുന്ന പ്രക്ഷോഭങ്ങൾ കൂടുതൽ ശക്തിപ്പെടുത്താനും അവയാകെ സംയോജിപ്പിച്ച് കേന്ദ്രീകൃത പ്രക്ഷോഭമാക്കി അതിനെ മാറ്റാനുമുള്ള ദൗത്യമാണ് കേന്ദ്ര ട്രേഡ് യൂണിയനുകൾക്കും സ്വതന്ത്ര ദേശീയ ഫെഡറേഷനുകൾക്കും അസോസിയേഷനുകൾക്കും ഏറ്റെടുക്കാനുള്ളത്. മേഖലാതല പ്രക്ഷോഭങ്ങൾ സംയോജിപ്പിച്ച് രാജ്യവ്യാപകമായ ഒരു പൊതു പണിമുടക്കായി മാറ്റാൻ തൊഴിലാളികളുടെ വിപുലമായ ഈ ദേശീയ കൺവെൻഷൻ ആഹ്വാനം ചെയ്യുന്നു. തൊഴിലാളികളെ അതിനായി തയാറെടുപ്പിക്കാൻ പണിമുടക്കു വൻ വിജയമാക്കാൻ താഴെ പറയുന്ന പരിപാടികൾ കൺവെൻഷൻ അംഗീകരിക്കുന്നു.

**വരുന്ന മൂന്നു മാസങ്ങളിൽ ഏറ്റെടുക്കേണ്ട പരിപാടികൾ**

1. മേഖലാ തലത്തിലും സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും 2019 ഒക്ടോബർ, നവംബർ മാസങ്ങളിൽ തൊഴിലാളികളുടെ സംയുക്ത കൺവെൻഷനുകൾ വിളിച്ചു കൂട്ടണം.

2. 2019 ഡിസംബറിൽ തൊഴിലാളി കൺവെൻഷന്റെ പ്രഖ്യാപനം ഫാക്ടറികളിൽ സ്ഥാപനങ്ങളിൽ, ഓഫീസുകളിൽ ഏറ്റവും താഴെ തലം വരെ തൊഴിലാളികളിലാകെ പ്രചരിപ്പിക്കണം.

3. 2020 ജനുവരി 8 ന് ദേശാ വ്യാപകമായ പൊതുപണിമുടക്ക്.

ഏല്ലാവിധ അഫിലിയേഷനുകൾക്കുമുപരിയായി രാജ്യത്തെ എല്ലാ മേഖലകളിലും പണിയെടുക്കുന്ന തൊഴിലാളികളോട് ഈ പണിമുടക്ക് വൻ വിജയമാക്കാൻ ദേശീയ കൺവെൻഷൻ അഭ്യർത്ഥിക്കുന്നു. നമ്മുടെ ഡിമാന്റുകൾ പരിഗണിക്കാൻ സർക്കാർ തയാറാകാത്ത പക്ഷം ഇതിലും വലിയ പ്രക്ഷോഭങ്ങൾക്ക് തയാറെടുക്കാനും അഭ്യർത്ഥിക്കുന്നു. ഈ പണിമുടക്കിനെ പിന്തുണക്കാൻ പൊതുജനങ്ങളോടാകെ ഞങ്ങൾ ആഹ്വാനം ചെയ്യുന്നു.

| | | | | |
|---|---|---|---|---|
| INTUC | AITUC | HMS | CITU | AIUTUC |
| TUCL | SEWA | AICCTU | LPF | UTUC |

സ്വതന്ത്ര ഫെഡറേഷനുകൾ തൊഴിലാളികളുടെയും ജീവനക്കാരുടെയും അസോസിയേഷനുകൾ